# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5955** **04/11/2016 ൽ മറുപടി**

## സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ നല്കുമോ; | (എ) | 2009-10 കാലയളവിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി സ്കൂൾ ഒന്നിന് 40 ലക്ഷം രൂപാ വീതം അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് സംസ്ഥാനത്തെ 4 ജില്ലകളിലായി 56 സ്കൂളുകളിൽ കെട്ടിടനിർമ്മാണം നടന്നുവരുകയും ചെയ്യുന്നു. കൂടാതെ 2010-11, 2011-12 മുൻ വർഷങ്ങളിൽ അപ്ഗ്രേഡ് ചെയ്ത 52 സ്കൂളുകളിൽ കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2016-17 സാമ്പത്തിക വർഷത്തേക്ക് ഈ ഇനത്തിലേക്ക് 100.45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 255.11 ലക്ഷം രൂപ ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 86 സ്കൂളുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കു ന്നതിനായി ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ 516 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് ബഹുനില മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും 169 സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും 487 സ്കൂളുകളിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും മറ്റുമായി 3445 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.കൂടാതെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായും സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു . |

| | | | |
|---|---|---|---|
| (ബി) | വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്ക് ആവശ്യമായ ടോയ് ലറ്റുകൾ, കുടിവെള്ളം, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | എസ്.എസ്.എ, ആർ.എം.എസ്.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം .എൽ .എ മാർ, എം .പി. മാർ എന്നിവരുടെ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുടിവെള്ളം, പെൺകുട്ടികൾക്ക് ആവശ്യമായ ടോയ് ലെറ്റ്, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | സർക്കാർ സ്കൂളുകളിലെ പഴക്കമേറിയ ലാബുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 2016-2017 സാമ്പത്തിക വർഷം 478 സ്കൂളുകളിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും നവീകരണത്തിനും മറ്റുമായി 3445 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ലബോറട്ടറികൾ നവീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു . |
| (ഡി) | സ്കൂൾ കെട്ടിടങ്ങളുടെ വൈദ്യുതീകരണം, അടുക്കളയുടെ ആധുനികവത്ക്കരണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ